എൻ. സി. സി. രൂപീകരിക്കുന്നതിന് നടപടി

196 [1582] ശ്രീ. ചെർക്കളം അബ്ദുള്ള; താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അൺ-എയ്ഡഡ് ഹൈസ്കൂളുകളിലും സെൽഫ് ഫൈനാൻസ് കോളേജുകളിലും എൻ. സി. സി. രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

ഇക്കാര്യം വകുപ്പുതലത്തിൽ ആലോചിച്ച് വരുന്നു.

വി. എച്ച്. എസ്. സി.-യിൽ സ്ഥിരാദ്ധ്യാപകരെ നിയമിക്കുന്നതിന് നടപടി

197 [1584) ശ്രീ. എ. എൻ. രാജൻ ബാബു;
,, കെ.കെ. ഷാജു:
,, ഉമേഷ് ചള്ളിയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വി. എച്ച്. എസ്. സി.-യിൽ സ്ഥിരാദ്ധ്യാപകരെ നിയമിക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) കഴിഞ്ഞ 20 വർഷക്കാലമായി സ്ഥിരാദ്ധ്യാപകർ ഇല്ലാത്തതു മൂലം വി. എച്ച്. എസ്. സി. -യിലെ പഠനനിലവാരം കുറഞ്ഞതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എന്നത്തേക്ക് സ്ഥിരാദ്ധ്യാപകരെ നിയമിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ;

(സി) പി. എസ്. സി. വഴി സ്ഥിരാദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വി.എച്ച്.എസ്.ഇ. വകുപ്പിലെ അദ്ധ്യാപകത സ്തികയിലെ എല്ലാ ഒഴിവുകളും പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യുകയും പി.എസ്.സി. അപേക്ഷകൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പഠന നിലവാരം കുറഞ്ഞതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പി.എസ്.സി. തിരഞ്ഞെടുപ്പ് പ്രക്രിയ പൂർത്തിയാക്കി ഉദ്യോഗാർത്ഥികളെ ശുപാർശ ചെയ്യുന്ന മുറയ്ക്ക് സ്ഥിരമായി അദ്ധ്യാപകരെ നിയമിക്കുന്നതാണ്.

(സി) ഈ മേഖലയിലെ സ്പെഷ്യൽ റൂൾസ് രൂപീകരിക്കേണ്ടിയിരുന്നതിനാലാണ് അദ്ധ്യാപകരെ നിയമിക്കാൻ കഴിയാതിരുന്നത്.

എൽ. പി./യു. പി. അസിസ്റ്റന്റ് തസ്തികയിലേക്കുള്ള നിയമനം

198 [1589] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ എൽ. പി./യു. പി. അസിസ്റ്റന്റ് തസ്തികയിലേക്ക് എത്ര പേർക്ക് പി. എസ്. സി. മുഖേന നിയമനം നൽകിയിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) റിട്ടയർമെന്റ്, ഹെഡ്മാസ്റ്റർ പ്രൊമോഷൻ എന്നിവ വഴി എത്ര ഒഴിവുകൾ ഉണ്ടായിട്ടുണ്ട്; പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-യെ അറിയിച്ചിട്ടുണ്ടോ;

(സി) എൽ.പി./യു.പി. വിഭാഗങ്ങളിലായി എത്ര പ്രൊട്ടക്റ്റഡ് അദ്ധ്യാപകർ ഇപ്പോൾ ജോലി ചെയ്തുവരുന്നുണ്ട്;

(ഡി) എസ്.എസ്.എ.-യിൽ എൽ.പി./യു.പി. വിഭാഗങ്ങളിൽപ്പെട്ട എത്ര പ്രൊട്ടക്റ്റഡ് അദ്ധ്യാപകർ ജോലി ചെയ്തു വരുന്നുണ്ട്;

(ഇ) കണ്ണൂർ ജില്ലയിൽ കുട്ടികൾ കുറവായതിനാൽ പൂട്ടിയ 6 സ്കൂളുകളിലെ എത്ര അദ്ധ്യാപകർക്ക് ഗവൺമെന്റ് സ്കൂളുകളിൽ പുനർനിയമനം നൽകിയിട്ടുണ്ട്; പ്രസ്തുത ഉത്തരവിന്റെ കോപ്പി ലഭ്യമാക്കാമോ?

ഉത്തരം

(എ) 2003-ൽ നിലവിൽ വന്ന ലിസ്റ്റിൽ നിന്ന് 248 പേർക്ക് നിയമനം നൽകി.

(ബി) 58 ഒഴിവുകൾ ഉണ്ടായിട്ടുണ്ട്. ഇതിൽ തസ്തിക നഷ്ടപ്പെട്ട 37 ഒഴിവുകൾ അഡ്ജസ്റ്റു ചെയ്തശേഷം ബാക്കി 21 ഒഴിവുകളുടെ 65 ശതമാനം ഒഴിവുകളാണ് പി.എസ്.സി.-ക്ക് റിപ്പോർട്ടുചെയ്യാൻ കഴിയുന്നത്. ഈ 14 ഒഴിവുകളിൽ 7 എണ്ണം പി.എസ്.സി.-ക്ക് റിപ്പോർട്ടു ചെയ്തു. ബാക്കി 7 ഒഴിവുകൾ ഉടനെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്.

(സി) 32.

(ഡി) 56.

(ഇ) 20 അദ്ധ്യാപകർക്ക് ഗവ: സ്കൂളുകളിൽ പുനർനിയമനം നൽകിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി വച്ചിട്ടുണ്ട്.†

കാസർഗോഡ് ജില്ലയിൽ ഒഴിഞ്ഞുകിടക്കുന്ന ഹെഡ്മാസ്റ്റർ തസ്തികകൾ

199 [1590] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഹെഡ്മാസ്റ്റർമാരുടെ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്ന എത്ര സ്കൂളുകൾ ഉണ്ടെന്ന് തരം തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്കൂളുകളിൽ ഹെഡ്മാസ്റ്റർമാരെ നിയമിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 46 സർക്കാർ ഹൈസ്കൂൾ ഹെഡ്മാസ്റ്റർമാരുടെ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ട്:

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly